# പതിമൂന്നാം കേരളനിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3656 10.04.2013-ൽ മറുപടിക്ക്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീ.പി.തിലോത്തമൻ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ.ജി.എസ്. ജയലാൽ | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഈ വർഷത്തെ പദ്ധതി നിർവ്വഹണം പൂർത്തിയാക്കാൻ കൂടുതൽ സമയം അനുവദിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ എത്ര സമയമാണ് നീട്ടിക്കൊടുത്തതെന്ന് വ്യക്തമാക്കുമോ; | (എ) 2012-13 വർഷത്തെ പദ്ധതി നിർവ്വഹണത്തിന് കൂടുതൽ സമയം അനുവദിച്ചിട്ടില്ല. |
| (ബി) പദ്ധതികൾക്ക് അംഗീകാരം നൽകുന്നതു സംബന്ധിച്ച് എന്തെങ്കിലും പുതിയ മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം; | (ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പ്രോജക്ടുകളുടെ പരിശോധനയും അംഗീകാരവും ജില്ലാ ആസൂത്രണ സമിതി ചെയ്യേണ്ടതില്ല. വാർഷിക പദ്ധതി അംഗീകാരം മാത്രമേ ജില്ലാ ആസൂത്രണ സമിതി ചെയ്യേണ്ടതുള്ളൂ. പദ്ധതികൾ തയ്യാറാക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റ മേലുദ്യോഗസ്ഥനായിരിക്കണം ഓൺലൈനായി പദ്ധതികൾക്ക് അംഗീകാരം നൽകേണ്ടത് എന്ന മാറ്റം മുൻ പദ്ധതികളിൽ നിന്ന് വിഭിന്നമായി കൊണ്ടുവന്നിട്ടുണ്ട്. കൂടാതെ സാങ്കേതിക ഉപദേശക സമിതികളുടെ പരിശോധനാഘട്ടവും ഒഴിവാക്കിയിട്ടുണ്ട്. |
| (സി) നടപ്പുവർഷം പദ്ധതി നിർവ്വഹണത്തിൽ പിന്നോട്ടടി ഉണ്ടായതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ അപാകം പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല, ബാധകമല്ല. |

സെക്ഷൻ ഓഫീസർ